# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 349 :** **25/06/2013- ൽ മറുപടിക്ക്**

## മൾട്ടി ലെവൽ മാർക്കറ്റിംഗ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | മൾട്ടി ലെവൽ മാർക്കറ്റിംഗ് രംഗത്തുള്ള പ്രശ്നങ്ങൾ പഠിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (എ) | മൾട്ടിലെവൽ മാർക്കറ്റിംഗ് രംഗത്തുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിനും മൾട്ടിലെവൽ മാർക്കറ്റിംഗ് കുറ്റമറ്റരീതിയിൽ നടത്തുന്നതിനുമായി കരട് ബിൽ തയ്യാറാക്കുന്നതിലേക്കായി വ്യവസായ വകുപ്പ് സെക്രട്ടറി തലവനായി ആഭ്യന്തരവകുപ്പ്, വാണിജ്യ നികുതി വകുപ്പ്, ഉപഭോക്തൃകാര്യ വകുപ്പ്, നിയമ വകുപ്പ്, പൊലീസ് എന്നിവയുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. മൾട്ടിലെവൽ മാർക്കറ്റിംഗ് കമ്പനികൾക്ക് അവരുടെ പ്രശ്നങ്ങൾ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്. നിയമത്തിന് വിധേയമായി പ്രവർത്തിക്കാത്ത മൾട്ടി ലെവൽ മാർക്കറ്റിംഗ് കമ്പനികളുടെ തട്ടിപ്പുകൾക്ക് ഇടയാകാതിരിക്കാൻ ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. ജനമൈത്രി പോലീസിന്റെ സേവനം ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഇതിനായി നോഡൽ ഓഫീസറെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) & (സി) | നോഡൽ ഓഫീസറെ നിയമിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (സി) | ഇവയുടെ ചുമതലകളും കർത്തവ്യങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ; | | |
| (ഡി) | ഈ രംഗത്തുള്ളവർ സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്നറിയാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്നറിയാൻ പരിശോധന നടത്തുന്നുണ്ട്. ഇതിനായി സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിക്ക് കത്ത് അയച്ചിട്ടുണ്ട്. മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കാത്ത കമ്പനികൾക്കെതിരെ പോലീസ് നിയമനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ